DEPRESSED CLASS WARDENS—UPLIFT DEPARTMENT—APPOINTMENT OF

62. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി തരാമോ.—

(എ) സംരക്ഷണവകുപ്പിൽ വാർഡന്മാരായി നിയമിക്കപ്പെട്ടിട്ടുള്ളവരെ പിരിച്ചുവിട്ട തൽസ്ഥാനത്തു പ്രചരണവേലക്കാരായി പ്രാപ്തന്മാരായ അധഃകൃതരെ നിയമിക്കണമെന്നുള്ള ഫ്രഫർ-ലെ അഡൈവസറി ബോർഡിലെ നിർദ്ദേശം ഗവൺമെണ്ട് അവഗണിക്കുവാൻ പ്രത്യേക വല്ല കാരണവുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ വിശദീകരിക്കുമോ ?

ഡോക്ടർ എ. ആർ. മേനോൻ : (എ) സംരക്ഷണവകുപ്പിൽ വാർഡന്മാരായി നിയമിക്കപ്പെട്ടിട്ടുള്ളവരെ പിരിച്ചു തൽസ്ഥാനത്തു പ്രചരണവേലക്കായി അധഃകൃതരെ നിയമിക്കണമെന്നു ഒരു നിർദ്ദേശം ഫ്രഫർ-ലെ അഡൈവസറി ബോർഡു മുമ്പാകെ കൊണ്ടുവന്നിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ : വാർഡന്മാരെ പിരിച്ചുവിടണമെന്നുള്ള ഒരു നിശ്ചയം ഗവൺമെണ്ടിനു കിട്ടിട്ടുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : വാർഡന്മാരായിട്ട് പ്രത്യേകിച്ച് ആളുകൾ വേണ്ട. അവിടങ്ങളിൽ ഉള്ള ആളുകൾതന്നെ മതി ആവശ്യ ജോലികൾ കൂടി നോക്കുവാൻ എന്നു് എഴുതിവന്നതനുസരിച്ച് വാർഡന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ : വാർഡന്മാരെ എല്ലാവരേയും പിരിച്ചുവിട്ടിട്ടുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : വാർഡൻ എന്നുള്ള പോസ്റ്റ് തന്നെ വേണ്ട. അതിനു പകരം ആളുകളെ വെക്കണോ വേണ്ടയോ എന്നുള്ള കാര്യവും ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.

മിസ്റ്റർ കെ. പി. വള്ളോൻ : എല്ലാ സ്ഥലത്തുമുള്ള വാർഡന്മാരേയും പിരിച്ചുവിട്ടിട്ടുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : ഇല്ല. ചില സ്ഥലങ്ങളിൽ വാർഡൻ എന്നുള്ള പേര് മാറ്റി മാനേജർ എന്നാക്കിട്ടുണ്ട്. വാർഡൻ എന്നുള്ള വാക്കിനുതന്നെ അർത്ഥമില്ല. പ്രൊട്ടക്ടറുടെ റക്കമെൻഡേഷൻ പ്രകാരം മാനേജർ എന്ന പേരിൽ ചാലക്കുടി മുതലായ ചുരുക്കം ചില സ്ഥലങ്ങളിൽ അവിടത്തെ തൊഴിലുകളും കൂടി ചെയ്യുന്നതിനിലയിൽ, അവർക്ക് ഉപദേശങ്ങൾ കൊടുക്കുന്നതിനും മറ്റുമായി വെച്ചിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ : അങ്ങിനെയുള്ള മാനേജർമാരെ നിയമിക്കുമ്പോൾ അധഃകൃതരിൽ ആ ജോലി നടത്തുവാൻ പ്രാപ്തിയുള്ളവരുണ്ടെങ്കിൽ അവരെ വെക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ : മിക്കവാറും അങ്ങിനെ ചെയ്യുവാനുള്ള ആർഡർതന്നെ കൊടുത്തിട്ടുണ്ട്. ഒഴിവുള്ളതുപോലെയും അപേക്ഷകരുടെ യോഗ്യതപോലെയും കൊടുത്തുകൊള്ളണമെന്നു് ആർഡർ അയച്ചിട്ടുണ്ട്".

മിസ്റ്റർ കെ. എസ്സ്. പണിക്കർ : വാർഡന്മാരിൽ എത്ര ആളുകളെ പിരിച്ചിട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : നാലഞ്ചുപേരൊഴികെ ബാക്കി ആളുകളെയെല്ലാം പിരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പിരിച്ചുവിട്ടവർ ഏതു സമുദായത്തിൽ പെട്ടവരാണു് ?

ഡോക്ടർ എ. ആർ. മേനോൻ : പല സമുദായക്കാരുമുണ്ടു്. പ്രധാനമായിട്ടുള്ള സ്ഥലങ്ങളൊഴികെ ബാക്കിയുള്ള സ്ഥലങ്ങളിലെ വാർഡന്മാരെയെല്ലാം പിരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പിരിച്ചുവിട്ടവരിൽ അധ്യേതർ എത്രയുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : ആരുമില്ല.

മിസ്റ്റർ എ. ഇ‌ച്ചരമേനോൻ : വാർഡന്മാരുടെ ജോലി എന്താണു് ?

ഡോക്ടർ എ. ആർ. മേനോൻ : അധ്യേതക്കു വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കുകയാണു്. ഇപ്പോൾ മാനേജർ എന്ന പേരിലാണു് ചിലരെ വെച്ചിട്ടുള്ളതു്. വാർഡന്മാരെ പിരിച്ചുവിടുവാൻ അഡ്വൈസറി കമ്മറ്റി പറഞ്ഞതനുസരിച്ചാണു ചെയ്തിട്ടുള്ളതു്. അവർ പറഞ്ഞതിനേടു ഞാനും യോജിച്ചാണു ചെയ്തതു്.

VETERINARY AID—CRANGANUR—FACILITIES FOR

63. Mr. V. K. Bhaskara Menon *(Cranganur):* Will the Government be pleased to state whether there are any facilities for Veterinary aid at Cranganur?

Dr. A. R. Menon *(Minister for Rural Development):* At present there are no facilities. But, Government propose to open a Veterinary Dispensary at Cranganur this year.

ADUR PANCHAYAT PRESIDENT—PARTICULARS REGARDING

64. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സഭയെ മറുപടി പറയുമോ.—

(എ) അടൂർ പഞ്ചായത്തു കോട്ടിലെ ഇപ്പോഴത്തെ പ്രസിഡണ്ടു് ആരാണു് ;

(ബി) ഇദ്ദേഹം പ്രസിഡണ്ടാകുന്നതിനു മുമ്പു് പ്രസിഡണ്ടു് ആരായിരുന്നു ;

(സി) അദ്ദേഹം രാജിവെച്ചതിനുശേഷമാണോ ഇപ്പോഴത്തെ പ്രസിഡണ്ടു്, പ്രസിഡണ്ടുസ്ഥാനാരോഹണം ചെയ്തതു് ;

LIBRARY ARCHIVES Kerala Legislative Assembly